# പീഡനത്തിനെതിരെയുള്ള കൈപുസ്തകം

**ച**രിത്രാതീത കാലം മുതൽ പീഡനപ്രയോഗങ്ങൾ ഇന്ത്യയിൽ സർവ്വസാധാരണയായി നിലനിന്നിരുന്നു. ഒരിക്കലും ചോദ്യം ചെയ്യപ്പെടാത്തതിനാലും എതിർക്കപ്പെടാത്തതിനാലും പീഡനങ്ങൾ നിയമാനുസൃതവും സാധാരണവു മായി മാറി. കുറ്റം തെളിയിക്കുന്നതിന്റെ ഭാഗമായുള്ള ചോദ്യം ചെയ്യലിലും തുടർന്നുള്ള നിയമനടപടികളിലും പീഡനമേൽക്കേ ി വരുന്നത് കുറ്റവാളികളും കുറ്റാരോപിതരും മാത്രമല്ല മറിച്ച് നിരപരാധികളായ പരാതിക്കാർ, ഹർജിക്കാർ, മുതൽ കുറ്റകൃത്യത്തെക്കുറിച്ച് സൂചന നൽകുന്നവർവരെ ക്രൂരവും, മനഷ്യത്വ രഹിതവും, നീചവും, നിന്ദ്യവുമായ പീഡനങ്ങൾക്ക് വിധേയരാകുന്നു. സ്ത്രീകളും പെൺകുട്ടികളും, കസ്റ്റഡിയിൽവെച്ചുള്ള ബലാൽസംഗം, മറ്റ് ലൈംഗിക പീഡനങ്ങൾ എന്നിവയ്ക്ക് ഇരകളാകുന്നു.

മിക്ക കേസുകളിലും പീഡനത്തിന് ഇരയാകുന്നവർ സമൂഹത്തിലെ പാവപ്പെട്ടവരും, നിരാലംബരും, അശക്തരുമായ ജനവിഭാഗമാണ് എന്നത് വസ്തുതയാണ്. നിയമനടപടികളും, കോടതി വ്യവഹാരങ്ങളും ബുദ്ധിമുട്ടുകളും ഭയന്ന് പീഡിപ്പിക്കപ്പെട്ടവർ നിശബ്ദരാവുമ്പോൾ മിക്ക കേസുകളും റിപ്പോർട്ട് ചെയ്യപ്പെടാതെ പോവുന്നു. വളരെ അപൂർവ്വമായേ പീഡിപ്പിക്കുന്നവർ നിയമ നടപടികൾക്ക് വിധേയരാകുന്നുള്ളു എന്ന വസ്തുതമൂലം, ഇന്ത്യയിൽ നിയമരാഹിത്യവും അരാജകത്വവും വർദ്ധിച്ചുവരുന്നു. തഥവസരത്തിൽ പീഡനം തടയുന്നതിനുള്ള നിയമനിർമ്മാണം ഇന്ത്യയിൽ ഉ ാവേ ത് നിർണ്ണായകമാണ്. നിർഭാഗ്യവശാൽ പീഡന വിരുദ്ധനിയമം ഇന്ത്യയിൽ ഇല്ലെന്ന് മാത്രമല്ല, പീഡന വിരുദ്ധ സാർവ്വദേശീയ കൺവെൻഷൻ (CAT) ഇന്ത്യ ആഭ്യന്തരനിയമ സംവിധാനത്തിലേയ്ക്ക് പരിവർത്തനം ചെയ്തിട്ടില്ല. ഇന്ത്യ CAT ഒപ്പ് വയ്ക്കണമെന്ന് ആവശ്യപ്പെട്ട് ഇന്ത്യൻ ഗവൺമെന്റിന് മുകളിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിരന്തരമായി സമ്മർദ്ദം ചെലുത്തുകയു ായി

എങ്കിലും നാളിതുവരെ ഇന്ത്യ CAT അംഗീകരിച്ചിട്ടില്ല. പീഡനത്തിനെതിരെയുള്ള ഒരു പ്രത്യേക നിയമത്തിന്റെ അഭാവത്തിലും ഇന്ത്യൻ സുപ്രീംകോടതി വിവിധ ന്യായവിധികളിലൂടെ പീഡന പ്രയോഗങ്ങളെ ശക്തമായി അപലപിച്ചുകൊ ് ഒരു നിയമ സംഹിതയ്ക്കു രൂപം നൽകിയിട്ടു ്. ഈ സാഹചര്യത്തിൽ ഇന്ത്യ പീഡനത്തിനെതിരെയുള യു. എൻ. കൺവൻഷൻ അംഗീകരിക്കേ തും പീഡനം തടയാൻ ഒരു ദേശീയ നിയമത്തിനു രൂപം നൽകേ തുമാണ്.

## 1) പീഡനം എന്നാലെന്ത്?

ഒരു പ്രത്യേക ഉദ്ദേശത്തോടെ അധികാരികളുടെ അറിവോടും സമ്മതത്തോടുംകൂടി ഒരു വ്യക്തിയെ മാനസികമായും ശാരീരികമായും ഉപദ്രവിക്കുന്നതിനെ പീഡനം എന്ന് പറയാം. ഒരു വ്യക്തിയേയോ ജനവിഭാഗത്തേയോ ശാരീരികമായും മാനസികമായും തകർത്തുകൊ ്, ശിക്ഷിക്കുവാനോ, കുറ്റം ഏറ്റുപറയിക്കുവാനോ, കുറ്റകൃത്യങ്ങളെക്കുറിച്ച് വിവരങ്ങൾ പറയിക്കുവാനോ, പ്രതികാരം ചെയ്യുന്നതിനോ, ഭയപ്പെടുത്തുന്നതിനോ വേ ി ആകാം പീഡനം.

## 2) പീഡനമുറകൾ ഏതൊക്കെ വിധം?

സാധാരണയായി പ്രയോഗിക്കപ്പെടുന്ന പീഡനമുറകളിൽ വൈദ്യുതാഘാതം ഏൽപ്പിക്കുക, സ്ട്രെച്ചിങ്ങ്, വെള്ളത്തിൽ മുക്കുക, ശ്വാസം മുട്ടിക്കുക, പൊള്ളൽ ഏൽപ്പിക്കുക, ബലാൽസംഗം എന്നിവയാണ്. മാനസിക പീഡനം മൂലമുള്ള ആഘാതങ്ങൾ മിക്കപ്പോഴും പീഡനത്തിനു ഇരയായ വ്യക്തിയുടെ ജീവിതത്തിൽ ഏറെക്കാലം നിലനിൽക്കുന്നു. മാനസിക പീഡനങ്ങൾ പൊതുവെ ഒറ്റപ്പെടുത്തുക, ഭീക്ഷണിപ്പെടുത്തുക, അപമാനിക്കുക, വധിക്കാൻ പോകുന്നതായി നടിക്കുക, അംഗവിഛേദനം നടത്തുവാൻ പോകുന്നതായി നടിക്കുക മറ്റുള്ളവർ പീഡിപ്പിക്കപ്പെടുന്നത് കാണാൻ നിർബന്ധിതനാക്കുക എന്നിവയാണ്. ഇതിനു പുറമേ

1) പീഡനത്തിനിരയായ വ്യക്തിയിൽ നിന്നും പോലീസ് പരാതി സ്വീകരിക്കാതിരിക്കുക

2) നിയമവിരുദ്ധമായ വധശിക്ഷ.

3) പുനരധിവസിപ്പിക്കാ നുള്ള നിർബന്ധിത ഒഴിപ്പിക്കൽ

4) പീഡിപ്പിക്കപ്പെട്ട വ്യക്തി, പോലീസ് സംരക്ഷണമില്ലാതെ നിരന്തരമായ ഭീഷണിയിൽ കഴിയേ ിവരിക

5) വിവേചനമില്ലാതെയുള്ള വെടിവെയ്പ്

6) വിവേചനമില്ലാതെ ലാത്തിയടി

7) മജിസ്ട്രേറ്റിനു മുമ്പിൽ ഹാജരാക്കാതെ 24 മണിക്കൂറിലധികം കസ്റ്റഡിയിൽ വയ്ക്കുക

8) വൃത്തിഹീനമായ റിമാൻഡ് ഹൗസുകൾ

9) സ്ത്രീകളേയും കുട്ടികളേയും പോലീസ് സ്റ്റേഷനിൽ നിർത്തുക

10) സെർച്ച് എന്ന വ്യാജേന വീട് അക്രമിക്കുക, വസ്തുക്കള തകർക്കുക, നശിപ്പിക്കുക, കൊള്ളയടിക്കുക, മോഷ്ടിക്കുക മുതലായവ

11) ഒരു സാധാരണ പ്രതിയെ കോടതിയിൽ കൊ ുവരുമ്പോഴും കൈവിലങ്ങുവയ്ക്കുക, കൈകൾ ബന്ധിക്കുക എന്നിവയും പീഡനങ്ങളായി കരുതാവുന്നതാണ്.

**3) പീഡനത്തിന് ഇരയാകുന്നവർ ആരൊക്കെ ?**

ഏതൊരു വ്യക്തിയും ജനവിഭാഗവും പീഡനത്തിന് ഇരയാകാം, പ്രത്യേകിച്ച് സമൂഹത്തിലെ അരക്ഷിത ജനവിഭാഗങ്ങൾ, കുട്ടികളോ മുതിർന്നവരോ, യുവജനങ്ങളോ, വൃദ്ധരോ, മതവിശ്വാസിയൊ, നിരീശ്വരവാദിയോ, വിദ്യാസമ്പന്നരോ, നിരക്ഷിതരോ ആരും തന്നെ പീഡനത്തിന് ഇരയാകാം. പീഡനത്തിന്റെ പ്രത്യാഘാതങ്ങളും പ്രയാസങ്ങളും അനുഭവിക്കുന്നത് പീഡനത്തിന് ഇരയായ വ്യക്തി മാത്രമല്ല, മറിച്ച് ആ വ്യക്തിയുടെ കടുംബാംഗങ്ങളും പ്രിയപ്പെട്ടവരും ആ പ്രയാസങ്ങൾ അനുഭവിക്കുന്നു. സമൂഹത്തേയും ഒരു പരിധിവരെ ഇതു ബാധിക്കുന്നു.

**4) പീഡനത്തിന്റെ പ്രത്യാഘാതങ്ങൾ /ഭവിഷ്യത്തുകൾ എന്തെല്ലാം ?**

പീഡനത്തിന്റെ പ്രത്യാഘാതങ്ങൾ വളരെ കാലം നിലനിൽക്കുന്നു. പീഡനത്തിനു ഇരയായ വ്യക്തിക്ക് നഷ്ടപ്പെടുന്നത് –

1) ജീവൻ നഷ്ടപ്പെടാം

2) വസ്തുക്കൾ നഷ്ടപ്പെടാം

3) താല്ക്കാലികമായോ, എന്നേക്കുമായോ അവയവങ്ങൾ നഷ്ടപ്പെട്ടേക്കാം

4) ആത്മാഭിമാനത്തിനു ക്ഷതം സംഭവിക്കാം.

5) നിയമത്തിലും നിയമവ്യവസ്ഥയിലും വിശ്വാസം നഷ്ടപ്പെടാം.

6) നിയമത്തെ കൈയ്യിലെടുക്കാനുള്ള പ്രവണത ജനങ്ങളിലു ായേക്കാം.

പീഡനത്തിനു ഇരയായ മിക്കവരിലും പോസ്റ്റ്-ട്രൊമാറ്റിക്ക് സ്ട്രെസ്സ് ഡിസോർഡർ (PTSD) അഥവാ ഒരു ദുരന്തത്തെ തുടർന്നുള്ള മാനസിക തകരാറുകൾ കാണപ്പെടാറു ്. പീഡനത്തെക്കുറിച്ച് നിരന്തരം ഓർമ്മിക്കുക, അതിയായി ഉൽകണ്ഠപ്പെടുക, തുടർച്ചയായി ഉറക്കമില്ലായ്മ, ദുസ്വപ്നങ്ങൾ ഉ ാവുക നിരാശ, ഓർമ്മക്കുറവ്, എന്നിവ പീഡനത്തിനു ഇരയായ മിക്കവരിലും കാണപ്പെടാറു ്. പീഡനം ഏൽക്കേ ി വന്ന വ്യക്തിയിൽ പീഡനം ഏൽക്കേ ി വന്നതിലുള്ള അപമാനം, അതിയായ കുറ്റബോധം എന്നിവ ഉടലെടുക്കാറു ്. തങ്ങളുടെ കുടുംബത്തേയും, പ്രിയപ്പെട്ടവരെയും തങ്ങളെത്തന്നെയും വഞ്ചിച്ചു എന്ന തോന്നൽ പീഡനത്തിനു ഇരയായവർക്കു ാകാം. മനുഷ്യത്വരഹിതവും, അസാധാ രണവും അതിക്രൂരവുമായ പീഡനങ്ങൾ ഏൽക്കേ ിവന്നവർക്ക് ഇത്തരം തോന്നലുകൾ ഉ ാകുന്നത് സ്വാഭാവികമാണ്.

### 5) പീഡനത്തിനു ഉത്തരവാദികൾ ആരൊക്കെ ?

* പോലീസ്

* സൈന്യം

* അർദ്ധസൈനിക വിഭാഗങ്ങൾ

* പീഡനത്തിനു ഉത്തരവാദികളാകുന്ന മറ്റുചിലർ

* ജൂഡിഷ്യറി

* ജയിൽ അധികാരികൾ
* ഏതെങ്കിലും ഗവൺമെന്റ് ഉദ്യോഗസ്ഥൻ
* ഗവൺമെന്റിന്റെ കീഴിലുള്ള ആരോഗ്യപരിപാലന വ്യവസ്ഥ.
* ചികിൽസാ രംഗത്തെ ഉദ്യോഗസ്ഥർ
* അധികാരപ്പെട്ടവരുടെ അറിവോടും സമ്മതത്തോടും നിർദ്ദേശ പ്രകാരവും പീഡിപ്പിക്കുന്ന കൂട്ടുപ്രതികൾ കസ്റ്റഡിയിൽ ഉള്ള മറ്റ് പ്രതികൾ എന്നിവർ.

**6) പീഡനത്തിനു ഇരയായ വ്യക്തിയുടെ അവകാശങ്ങൾ ?**

* പീഡനത്തിൽ നിന്നും സംരക്ഷണം
* പീഡനത്തിനെതിരെ പരാതി നൽകുവാനും, പരാതിയിൻമേൽ നിഷ്പക്ഷമായും സത്യസന്ധമായും അന്വേഷണം ഉ ാവുന്നതിനും, പരാതിപ്പെട്ടതിനെതിരെയുള്ള പ്രതികാര നടപടികളിൽ നിന്നുള്ള സംരക്ഷണത്തിനും അവകാശമു ്.
* വേഗത്തിലുള്ള സത്യസന്ധമായ വിചാരണ
* ഉചിതമായ പ്രതിവിധിയും, അർഹമായ നഷ്ടപരിഹാരവും, പുനരധിവാസത്തിനും ഉള്ള അവകാശം.
* പീഡനത്തിനു ഉത്തരവാദികളായവർ ശിക്ഷിക്കപ്പെടുക.

**7) ഒരു വ്യക്തി പീഡിപ്പിക്കപ്പെടുമ്പോൾ നിങ്ങൾ എന്തു ചെയ്യും ?**

* ഉടനെ ആ വ്യക്തിയെ ആശുപത്രിയിലെത്തിക്കുക
* ഉചിതമായ ചികിൽസ ഉറപ്പുവരുത്തുക
* ആന്തരികവും ബാഹ്യവുമായുള്ള എല്ലാ പരിക്കുകളും മുറിവുകളും അവയുടെ സ്വഭാവവും രേഖപ്പെടുത്തുക.

* പീഡനം ഏല്പിച്ചതാരെന്ന് രേഖപ്പെടുത്തുക

* പീഡനം നടന്ന സ്ഥലം രേഖപ്പെടുത്തുക

* മെഡിക്കൽ റിപ്പോർട്ടിന്റെ കോപ്പി വാങ്ങുക

* പീഡനമേറ്റ വ്യക്തി പീഡനം ഏറ്റതിനെ കുറിച്ചു പറഞ്ഞ കാര്യങ്ങൾ, ഡോക്ടറിൽ നിന്നും അറിയുക (പീഡനത്തെക്കുറിച്ചും അതിനു ഉത്തരവാദികളെക്കുറിച്ചും, സ്ഥലം, സമയം എന്നതിനെക്കുറിച്ചും, പീഡനം ഏറ്റ വ്യക്തി ഡോക്ടറോട് പറഞ്ഞ കാര്യങ്ങൾ)

* പീഡനത്തിനിരയായ വ്യക്തി പീഡനം നടന്ന സമയത്തു ധരിച്ചിരുന്ന വസ്ത്രങ്ങൾ, ഫോറൻസിക് പരിശോധനയ്ക്കും രാസപരിശോധന യ്ക്കും വേ 1 സൂക്ഷിച്ചു വയ്ക്കുക.

* പോലീസ് സ്റ്റേഷനിൽ പരാതിപ്പെടുക

* കസ്റ്റഡി മരണ കേസുകളിൽ, ജുഡീഷ്യൽ മജിസ്ട്രേറ്റ് അന്വേഷ ണത്തിന് ഉത്തരവിടുന്നു എന്ന് ഉറപ്പ് വരുത്തുന്നു.

* പോലീസ് വെടിവയ്പിൽ, ക്രിമിനൽ കേസ് ചാർജ്ജ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുക.

* ഏറ്റുമുട്ടൽ മരണങ്ങളിൽ ക്രിമിനൽ കേസ് ചാർജ് ചെയ്യപ്പെടുന്നു എന്നും ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശങ്ങൾ എൻകൗണ്ടർ മരണങ്ങളിൽ പാലിക്കപ്പെട്ടുവെന്നും ഉറപ്പുവരുത്തുന്നു.

**8) ഒരു പീഡനം സംഭവിച്ചാൽ ആരെയാണ് സമീപിക്കേ ത് ?**

* ക്രിമിനൽ നടപടിക്രമം, 154-ാം വകുപ്പ് പ്രകാരം പീഡനത്തിനു ഉത്തരവാദികളായവർക്കെതിരെ അടുത്തുള്ള പോലീസ് സ്റ്റേഷനിൽ പരാതി നൽകുക, പരാതിയിൻമേൽ അന്വേഷണം ഉ ായില്ല എങ്കിൽ ബന്ധപ്പെട്ട പോലീസ് സൂപ്ര 1നു പരാതി നല്കുക.

* കൂടാതെ ജുഡീഷ്യൽ മജിസ്ട്രേട്ടിനു പരാതി നൽകുക, ക്രിമിനൽ നടപിക്രമം 190-ാം വകുപ്പു പ്രകാരം പരാതി സ്വീകരിച്ച് മജിസ്ട്രേട്ടിനു

അനന്തര നടപടികൾ സ്വീകരിക്കാവുന്നതാണ്.

* കോടതിയിൽ സ്വകാര്യ അന്യായം ഫയൽ ചെയ്യാവുന്നതാണ്.

* ഹൈക്കോടതിയിലോ സുപ്രീം കോടതിയിലോ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യാവുന്നതാണ്.

* പരാതിയിൻമേൽ നടപടികൾ ഒന്നും എടുക്കുന്നില്ല എങ്കിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ (എൻ.എച്ച്.ആർ.സി.), സംസ്ഥാന മനാഷ്യാവകാശ കമ്മീഷൻ (എസ്സ്.എച്ച്.ആർ.സി.) വനിതാ കമ്മീഷൻ, പട്ടികജാതി, പട്ടികവർഗ്ഗ കമ്മീഷനുകൾ എന്നിവിടങ്ങളിലേയ്ക്ക് പരാതി നൽകാവുന്നതാണ്.

* സമീപത്തുള്ള മനുഷ്യാവകാശ സംഘടനകളുടെ സഹായം അഭ്യർത്ഥിക്കുക.

**9) പീഡനത്തിന് ഇരയായ വ്യക്തിയുടെ പുനരധിവാസത്തിനു എന്തൊക്കെ ചെയ്യാം?**

പീഡനത്തിനു ഇരയായ വ്യക്തിക്ക് പുതിയ ഒരു ജീവിതം ആരംഭിക്കുവാനുള്ള കരുത്തും താങ്ങും നൽകുക എന്നതാണ് പുനരധിവാസം എന്നതു കൊ ് അർത്ഥമാക്കുന്നത്. പീഡനത്തിനിരയായവരെ പുനരധിവസിപ്പിക്കുമ്പോൾ അവരുടെ ആവശ്യങ്ങളും പ്രശ്നങ്ങളും വിശദമായി പഠിക്കേ തു ്. പീഡനത്തിന്റെ ആഘാതത്തിൽ നിന്നും മോചിതരായ വരെ എല്ലാവിധ സഹായവും കൗൺസിലിങ്ങും നൽകുന്ന പുനരധിവാസ കേന്ദ്രങ്ങളിൽ എത്തിക്കുന്നു, എന്ന് ഉറപ്പാക്കേ താണ്. കൂടാതെ

* ആരോഗ്യപരമായും മനശാസ്ത്രപരമായുമുള്ള ചികിൽസ

* പീഡനത്തിന്റെ ആഘാതത്തിൽ നിന്നുള്ള മോചനത്തിനായുള്ള ചികിൽസയും സഹായവും.

* നിയമ സഹായം

* സമൂഹവുമായി ഇഴകിച്ചേരൽ എന്നിവയും, ഉറപ്പാക്കേ താണ്. ഏതെങ്കിലും വിധത്തിലുള്ള പീഡനങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുന്നു എങ്കിൽ ഞങ്ങളെ ബന്ധപ്പെടുക. ഞങ്ങളുടെ മേൽവിലാസം ഈ കൈപുസ്തകത്തിന്റെ അവസാന ഭാഗത്തിൽ കൊടുത്തിട്ടു ്.

**10) പീഡനത്തിന് ഇരയായവരെ സംരക്ഷിക്കുന്നതിനുള്ള പ്രധാനപ്പെട്ട സുപ്രീം കോടതി വിധികൾ ഏതെല്ലാം ?**

* നിയമാനുസൃതമല്ലാത്ത ഏതൊരു തടവും, തടവിന്റെ കാലയളവും, കസ്റ്റഡിയിൽ വെച്ചുള്ള പീഡനം, അതിന്റെ തീവ്രതയും ഗൗരവവും എത്ര ചെറുതെങ്കിലും തീർത്തും അപലപനീയവും, ശിക്ഷാർഹവുമാണ്. അത്തരം നിയമലംഘനങ്ങൾക്കുള്ള പ്രധിവിധി സിവിൽ നിയമത്തിലും ക്രിമിനൽ നിയമത്തിലും പ്രതിപാതിച്ചിരിക്കുന്നു.

  (സുബെ സിംഗ് Vs സ്റ്റേറ്റ് ഓഫ് ഹരിയാന AIR 2006 SC 1117).

* അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കേ നിർദ്ദേശങ്ങൾ

  (D.K. ബസു Vs സ്റ്റേറ്റ് ഓഫ് വെസ്റ്റ് ബംഗാൾ (AIR 1997 SC 610)

  പീഡനം എന്നത് കേവലം ശാരീരിക പീഡനത്തിൽ മാത്രം ഒതുങ്ങുന്നില്ല. മറിച്ച് ചില ഉദ്ദേശങ്ങൾക്കും ആവശ്യങ്ങൾക്കുമായി, ഭയപ്പെടുത്തുവാനും കീഴ്പ്പെടുത്തുവാനും വേ ി മാനസികമായും മനശാസ്ത്രപരമായും ദ്രോഹിക്കുന്നതും പീഡനത്തിന്റെ നിർവചനത്തിൽപ്പെടും. പീഡനം അധികാരത്തിലുള്ളവരിൽ നിന്നും ആകുമ്പോൾ പ്രത്യേകിച്ച് പോലീസിൽ നിന്നും ആകുമ്പോൾ പീഡനത്തിന്റെ തീവ്രതയും ഗൗരവവും വർദ്ധിക്കുന്നു. (അരവിന്ദർ സിംഗ് ഭഗ്ഗ Vs സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശ് AIR 1995 SC 117)

* ഇന്ത്യൻ ഭരണഘടനയുടെ അനുഛേദം 32, 226 എന്നിവ പ്രകാരം ഒരു സർക്കാരോ, സർക്കാർ ഉദ്യോഗസ്ഥനോ തന്റെ ഔദ്യോഗിക അധികാരം ഉപയോഗിച്ചുള്ള പ്രവൃത്തിക്കിടെ ഭരണഘടനയെ ലംഘിച്ചുവെന്നാൽ പീഡിതനായ വ്യക്തിക്ക് നഷ്ടപരിഹാരവും പ്രതിവിധിയും ആവശ്യപ്പെടാവുന്നതാണ്.

(നിലാബതി  ബെഹര് Vs സ്റ്റേറ്റ് ഓഫ് ഒറീസ്സ AIR 1993 SC 1960)

* വിചാരണ തടവുകാർക്കും, ശിക്ഷവിധിക്കപ്പെട്ടവർക്കും, നിയമസഹായ ത്തിനുള്ള അവകാശവും, ജയിൽപ്പുള്ളികൾക്കും വേഗത്തിലുള്ള നിയമനടപടികളടക്കമുള്ള അവകാശവും, ലോക്കപ്പുകളിൽ സ്ത്രീ തടവുകാരുടെ സംരക്ഷണത്തിനുള്ള അവകാശവും കോടതി ആവർത്തിച്ച് ഉറപ്പിക്കുകയു ായി.

(ഷീല ബർസെ സ്റ്റേറ്റ് ഓഫ് മഹാരാഷ്ട്ര AIR 1983 SC 378)

* ജയിലിനകത്തെ പീഡനത്തിൽ നിന്നുള്ള സംരക്ഷണത്തിനുള്ള അവകാശം (ഫ്രാൻവിസ് കൊരെലി മുള്ളിൻ Vs യൂണിയൻ ടെറിറ്ററി ഓഫ് ഡൽഹി AIR 1981 SC 746)

* പോലീസ് അതിക്രമങ്ങളെ തടയുന്നതിനും ശിക്ഷിക്കുന്നതിനും ഔദ്യോഗിക തലത്തിലും രാഷ്ട്രീയതലത്തിലും പ്രത്യേക പദ്ധതികൾക്ക് രൂപം കൊടുക്കേ താണ്

(രഘുബിർ സിംഗ് Vs സ്റ്റേറ്റ് ഓഫ് ഹരിയാന AIR 1980 SC 1087 )

* കൈകൾ വിലങ്ങുവയ്ക്കുന്നത് അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രമായി രിക്കണം, കൂടാതെ ബന്ധപ്പെട്ട ജൂഡീഷ്യൽ ഓഫീസറുടെ അനുമതിയോടു കൂടെയായിരിക്കണം.

(പ്രേം ശങ്കർ ഡൽഹി അഡ്മിനിസ്ട്രേഷൻ AIR 1980 SC 1535)

* ഏകാന്ത തടവ് ഭരണഘടനാ ലംഘനമാണ് ( S. സുനിൽ ബദ്ര Vs ഡൽഹി അഡ്മിനിസ്ട്രേഷൻ (1) AIR 1978 SC 1675)

**11) പീഡനത്തിനെതിരായി നിങ്ങൾക്കെന്തു ചെയ്യാൻ സാധിക്കും?**

സാമൂഹ്യ സംഘടനകൾ, വനിതാ സംഘടനകൾ, ട്രേഡ് യൂണിയനുകൾ, മനുഷ്യാവകാശ സംഘടനകൾ, മത സംഘടനകൾ എന്നിവയുമായി ചേർന്ന് പീഡനത്തിനെതിരായി പ്രചരണം നടത്തുക

* പീഡനത്തിന് ഇരയായവരുടെ പരാതിയിൽ നടപടികൾ സ്വീകരിക്കു

ന്നുെ ന്നും ഉത്തരവാദികളായവർ ശിക്ഷിക്കപ്പെടുന്നുവെന്നും ഉറപ്പുവരുത്തുക.

* എല്ലാ തടവുകാരേയും ജഡ്ജിയുടെ മുമ്പിൽ ഹാജരാക്കേ തും അവരുടെ ബന്ധുക്കൾ, വക്കീൽ, ഡോക്ടർ എന്നിവരുമായി ബന്ധപ്പെടുവാനുള്ള അവസരവും ഉ ാകേ താണ്.

* പീഡനത്തിന് ഇരയായവരുടെ പുനരധിവാസം, നഷ്ടപരിഹാരം എന്നിവയ്ക്കു വേ നടപടികൾ എടുക്കുക.

**ഞങ്ങൾ ആവശ്യപ്പെടുന്നത്**

* പീഡനവിരുദ്ധ സാർവ്വദേശീയ കൺവെൻഷനും ഓപ്ഷനൽ പ്രോട്ടോകോളും ഇന്ത്യ ആഭ്യന്തര നിയമത്തിലേയ്ക്ക് പരിവർത്തനം ചെയ്യുക.

* സ്ത്രീകൾക്കെതിരെയുള്ള വിവേചന വിരുദ്ധ സാർവ്വദേശീയ കൺവെൻഷനും ഓപ്ഷനൽ പ്രോട്ടോക്കോളും, കുട്ടികളുടെ അവകാശ സംരക്ഷണത്തിനുള്ള സർവ്വദേശീയ കൺവെൻഷനും ഓപ്ഷനൽ പ്രട്ടോ ക്കോളും ഇന്റർ നാഷണൽ ഓൺസിവിൽ ആന്റ് പൊളിറ്റിക്കൽ റൈറ്റ്സ് ഓപ്ഷനൽ പ്രോട്ടോക്കോൾ I, II എന്നിവ ഇന്ത്യ ആഭ്യന്തര നിയമത്തിലേയ്ക്ക് പരിവർത്തനം ചെയ്യുക.

* എല്ലാവിധ പീഡനങ്ങളും, മനുഷ്യത്വരഹിതമായ പെരുമാറ്റവും കുറ്റകരവും ശിക്ഷാർഹവും ആക്കുന്ന ഒരു ദേശീയ നിയമത്തിനും ഇന്ത്യ രൂപം നൽകുക.

* അറസ്റ്റ് ചെയ്യുമ്പോഴും തടവിൽ പാർപ്പിക്കുമ്പോഴും സുപ്രീം കോടതി ഡി.കെ. ബസു Vs സ്റ്റേറ്റ് ഓഫ് വെസ്റ്റ് ബംഗാൾ എന്ന കേസിൽ പ്രതിപാദിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കുക.

* പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളെ പ്രതിയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള 1989–ലെ അതിക്രമങ്ങള തടയുന്നതിനുള്ള നിയമം നടപ്പിൽ വരുത്തുക.

* 1993–ലെ മനുഷ്യാവകാശ സംരക്ഷണ നിയമത്തിനു കീഴിൽ, ജില്ലാതല മനുഷ്യാവകാശ കോടതികൾ രൂപീകരിക്കുക.

**List of Addresses**

## National Project on Preventing Torture in India

**National Office:**

**People's Watch**
6, Vallabai Road, Chokkikulam,
Madurai 625 002 Tamil Nadu
Ph: +91-452-2531874, 2539520
Fax: +91-452-2539520
E-Mail: no2torture@pwtn.org,
Website: www.pwtn.org

**State Offices:**

| S.No. | State Name | Address | User ID/official |
|---|---|---|---|
| 1. | Andhra Pradesh | Door. No: 6-1-69/4/2<br>Lutheran Church Road,<br>Lakdi-Ka-Pool,<br>Hyderabad-500 004<br>Andhra Pradesh | ap@pwtn.org |
| 2. | Bihar | L-1/1, Shri Krishna Puri,<br>Patna – 800 001,<br>Bihar | bihar@pwtn.org |

| S.No. | State Name | Address | User ID/official |
|---|---|---|---|
| 3. | Karnataka | C/O SICHREM<br>No –35, Ground Floor,<br>Anjanappa Complex,<br>Hennur Main Road,<br>Lingarajapuram,<br>Bangalore – 560 084<br>Karnataka | karnataka@pwtn.org |
| 4. | Kerala | 3/354, Chirathara,<br>Muttada P O,<br>Trivandrum-695 025<br>Kerala | kerala@pwtn.org |
| 5. | Orissa | 294 – A, Ground Floor,<br>Sahid Nagar,<br>Bhubaneswar – 751 007<br>Orissa. | orissa@pwtn.org |
| 6. | Rajasthan | Sasvika Sangatan,<br>Sameeksha Campus,<br>Near Pavansuth Colony,<br>Opp. T.T. College,<br>Jaipur Road, Mirshali,<br>Ajmer – 305 001<br>Rajasthan | rajasthan@pwtn.org |
| 7. | Tamil Nadu | 6, Vallabai Road,<br>Chokkikulam,<br>Madurai-625 002<br>Tamil Nadu | tamilnadu@pwtn.org |
| 8. | Uttar Pradesh | S-6/ 25-26, Police Line,<br>Pakki Bazar,<br>Varanasi-221 002<br>Uttar Pradesh. | up@pwtn.org |
| 9. | West Bengal | C/O MASUM,<br>26, Guitendal Lane,<br>Howrah – 711 001<br>West Bengal | masumindia@pwtn.org |

# National and State Human Rights Institutions

## 1) National Human Rights Institutions

**National Human Rights Commission**
Faridkot House,Copernicus Marg,
New Delhi-110001, Ph: 011 – 23382747
Fax No: 011 – 23384863(Admn) 23386521(Law)
For Complaints-filing /status, General queries
MADAD : 91-11-23385368 Mobile: +919810298900
E.Mail: nhrc@ren.nic.in Website: www.nhrc.nic.in

**National Commission for Women**
4, Deen Dayal Upadhayaya Marg,
New Delhi-110 002.
Ph: 91-11-23237166, 91-11-23236988
Fax : 91-11-23236154
Complaints Cell : 91-11-23219750
Email :ncw@nic.in Website : www.ncw.nic.in

**National Commission for SC's**
National SC Commission, 5$^{th}$ Block, 11$^{th}$ Floor,
Lok Nayak Bhavan, New Delhi – 110 003.
Phone No : 011 – 4620969
Fax No : 011 – 4625378

**National Commission for ST's**
The Director, National Commission for Scheduled Tribes, 91, Satya Nagar,
Bhubaneshwar – 751 007, Orissa State.

**National Commission for Minorities**
5th Floor, Lok Nayak Bhavan,
Khan Market,
New Delhi -110 003
Fax : 011-24693302, 24642645, 24698410
Website: www.ncm.nic.in

## 2) State Human Rights Commissions(SHRC)

### Andhra Pradesh

The Chairperson
"Gruhakalpa", M.J. Road,
Hyderabad-500001,
E-Mail: aphumanrights@ap.nic.in.
Tele(o):24601571, Fax:24601573,
E-Mail:aphumanrights@ap.nic.in.

### Assam

The Chairperson,
h.o. Building, Bhangagarh,
Guwahati – 781005.
STD: 0361, Fax: 2529450/2527076,
E-Mail: hrca@sancharnet.in.

### Chhattisgarh

The Chairperson Near Mantralaya,
Raipur-492001. STD: 0771,
Fax: 2235590,
**E-Mail:**cghrcryp@sify.com.

### Himachal Pradesh

The ChairpersonPines grove Building, Shimla-171002, STD: 0177,
Fax: 224908.

### Jammu&Kashmir

The ChairpersonDawn building, Dalgate, Srinagar-119001. STD: 0194,
Fax: 454046, Tele(o):2481802, 2454046, Fax:2454046.

### Kerala

The ChairpersonM.P. Appan Road, Vazhuthacaud, Thiruvananthapuram-695014
Tele(o): 0471-2337145 Fax: 0471-2337148, E-Mail: kshrctvpm@vsnl.net.

**Madhya Pradesh**
The ChairpersonParyavas Bhawan, Arera Hills, Jail Road, Bhopal-462001, STD: 0755, Tele(o):2764505, Fax: 574028, E-Mail: mphrc@sancharnet.in,

**Manipur**
The ChairpersonCourts complex, Lamphel, Imphal -795004, STD: 0385, Fax: 2410472, E-Mail: mhrc@man.nic.in.

**Maharashtra**
The Chairperson 9, Hajarimal Somani Marg, Near CST Railway Station, Mumbai-400001. Fax: 022-2885858, 22091804.Tele(o):22071155/22073434

**Orissa**
The Chairperson Orissa State Guest House, Room No. 1,2,3,4 Ground Floor, Bhubaneswar, Orissa. Tele(o): 0674-23611334, FAX:0674-2405094

**Punjab**
The Chairperson SCO NO. 20-21-22, Sector 34A, Chandhgarh, Tele(o): 0172-2608520, Fax: 0172-2608520,

**Rajasthan**
The Chairperson State Secretariat, Jaipur, Tele(o):): 0141-2227868
Fax: 2227738, E-Mail: rshrc@raj.nic.in.

**Tamil Nadu**
The Chairperson Thiruvarangam Maligai,143, P.S. Kumaraswamy Raja Salai,Greenways Road, Chennai - 600 028.

**Uttar Pradesh**
The Chairperson 1/183, Vineet Khand, Gomati Nagar, Lucknow – 226010. Tele(o):0522-2726742 , Fax: 0522-2726743, E-Mail: uphrc@sancharnet.net.

**West Bengal**
The Chairperson Bhabani Bhavan, Alipore, Kolkata-700027, Tele(o): 033-24797259, Fax: 033-24799633,
E-Mail: wbhrc@cal3.vsnl.net.in